കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P14)193/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P14)193/2023. തീയ്യതി: 31/03/2023

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എൻ സതീശൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	17-01-2023	25-01-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-01-2023	25-01-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജോമോൻ ഇ കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സിനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ കെ. ജി. പോൾസൺ	പ്രസിഡന്റ്	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സുഷമ പി	സെക്രട്ടറി	01-04-2021	31-03-2022
ശ്രീ വിനേഷ് കുമാർ കെ വി	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീമതി അജിഷ ആർ	അസി.എഞ്ചിനീയർ	01-04-2021	31-03-2022
ഡോ.കിഷോർ കുമാർ	മെഡിക്കൽ ഓഫീസർ, പിഎച്ച്സി	01-04-2021	31-03-2022
ഡോ.ബിജു മോഹൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2021	31-03-2022
ഡോ.ഷിനി കെ എം	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2021	31-03-2022
ഡോ.ഷിബുകുമാർ	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി രമ എം എസ്	ഹെഡ് മാസ്റ്റർ, ജി യു പി എസ്, മുള്ളൂർ	01-04-2021	31-03-2022
ശ്രീമതി ലിജി ഇ പി	വി ഇ ഒ, എടക്കളത്തൂർ	01-04-2021	31-03-2022
ശ്രീമതി ലിജി ഇ പി	വി ഇ ഒ, തോളൂർ	01-04-2021	24-09-2021
ശ്രീ ലിന്റോ ഇ എൽ	വി ഇ ഒ, തോളൂർ	24-09-2021	26-11-2021
ശ്രീമതി അഞ്ജന വി	വി ഇ ഒ, തോളൂർ	26-11-2021	31-03-2022
ശ്രീ സന്തോഷ് കെ ആർ	അസി.സെക്രട്ടറി	01-04-2021	31-03-2022
ശ്രീമതി പൂർണ്ണിമ കെ ദാസ്	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2021	10-08-2021
ശ്രീമതി അശ്വതി	ഐസിഡിഎസ് സൂപ്പർവൈസർ	10-08-2021	12-11-2021
ശ്രീമതി ഗീത പി പി	ഐസിഡിഎസ് സൂപ്പർവൈസർ	12-11-2021	31-03-2022
ശ്രീ വിനീത് എൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	06-07-2021
ശ്രീ ശ്രീനാഥ് ഇ യു	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	08-07-2021	31-03-2022
ശ്രീമതി ജോമോൾ	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപെൻഷനുകൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	വസ്തുനികുതി- സഞ്ചയ യുമായി പൊരുത്തപ്പെടുന്നില്ല.	1-10-1
11	വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-10-2
12	രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.	1-10-3
13	ഷെഡ്യൂൾ ബി4-പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ശീർഷകത്തിലെ തുകകൾ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-10-4
14	ഇൻകം & എക്സ്പൻഡിച്ചർ പത്രിക- വരവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ്.	1-10-5
15	തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി	1-10-6
16	ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ- ഓരോ ജേണൽ എൻട്രിക്കും ബാധകമായ വൌച്ചറുകൾ ലഭ്യമാക്കേണ്ടതാണ്.	1-10-7
17	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-10-8
18	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-9
19	വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ	1-10
20	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-10-10
21	ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.	1-10-11
22	അക്കൗണ്ടിംഗ് സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറ്റിയപ്പോൾ ഉണ്ടായ വ്യത്യാസങ്ങൾ	1-10-12
23	ലൈഫ് ഭവന പദ്ധതി വായ്പ- ബാലൻസ് ഷീറ്റ് പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിനേക്കാൾ കൂടുതൽ തുക തിരിച്ചടച്ചു.	1-11
24	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-12
25	വിമുക്തഭടൻമാരുടെ വാസഗൃഹങ്ങൾക്കുള്ള വസ്തുനികുതി ഒഴിവ്- വിമുക്തഭടൻമാരുടെ സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ ലഭ്യമാക്കേണ്ടതാണ്.	1-13
26	FACTEOS ലൈസൻസ്- വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ് ഈടാക്കിയിട്ടില്ല.	1-14
27	പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - വിവരങ്ങൾ ലഭ്യമല്ല.	1-15
28	പഞ്ചായത്തിലെ കുളങ്ങൾ മത്സ്യബന്ധനത്തിനായി ലേലം ചെയ്യൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.	1-16
29	മണ്ണ് ലേലം - ശേഷിച്ച മണ്ണ് ലേലം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.	1-17
30	ലേലത്തുക അടവാക്കിയത് വരുമാനശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-18
31	പഞ്ചായത്ത് തനത് വരുമാന വർദ്ധനവ്- സർവ്വേ നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.	1-19
32	ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത അധിക തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-20
33	റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.	1-21
34	കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം രശീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ച് അടവാക്കി	1-22
35	പത്രപരസ്യം- നിയമാനുസൃത ഡിസ്ക്കൗണ്ട് ലഭ്യമായില്ല.	1-23
36	വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണ പൂർത്തീകരണം -നാളിതുവരെയും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല.	1-24
37	വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	1-25
38	പോന്നോർ സ്കൂൾ സൗന്ദര്യവത്ക്കരണം- ജി.എസ്.ടി ഈടാക്കേണ്ടതില്ലാത്ത ഇനങ്ങൾക്ക് ഫൈനൽബില്ലിൽ ജി.എസ്.ടി. ഉൾപ്പെടുത്തി.	1-26
39	അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ	1-27
40	ഇ-ടെണ്ടർ ഫീ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല	1-28
41	സാമൂഹ്യസുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ തുക അനുവദിച്ചു	1-29
42	ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.	1-30
43	ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം.	1-31
44	ലോഗ് ബുക്ക് പരിപാലനം - അപാകതകൾ	1-32
45	ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-33
46	അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം	1-34
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	

1	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	സ്ഥിര നിക്ഷേപം	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
20.02.2021	1	87738976	92202356

റിവൈസ്സ് ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം നമ്പർ	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
30.03.2022	2(1)	149406003	144298521

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2022	07-07-2022

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	10437489
വരവ്	64729105
ആകെ	75166594
ചെലവ്	62598675
നീക്കിയിരിപ്പ്	12567919

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി.	വരവ്	ആകെ	ചെലവ്	സി.ബി.
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	11148673	11148673	10946200	202473
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	5666093	5666093	5524000	142093
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	0	0	0	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	9722476	9722476	9388897	333579
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	4853319	4853319	4368942	484377
സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ്	0	4120324	4120324	2735637	1384687
ടൈഡ് ഗ്രാന്റ്	0	5743081	5743081	2687381	3055700

1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചതിന്റെ ശതമാനം
177	84349861	117	46155990	60	66.10

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	43172.84	571511	614683.84	613404	1279.84
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	18059218	18059218	18059218	0
മെറ്റിരീയൽ കോസ്റ്റ്	0	3533000	3533000	3533000	0
ആകെ	43172.84	22163729	22206901.84	22205622	1279.84

1-7 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	8091300	4616
വിധവാ പെൻഷൻ	14307900	11627
വാർദ്ധക്യകാലപെൻഷൻ	22233900	23539
വികലാംഗ പെൻഷൻ	3646900	3030
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1851600	2580
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	360000	12

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2023 തീയതിയിൽ 12.50 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 228/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-10-1 വസ്തുനികുതി- സഞ്ചയ യുമായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള

വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	14,68,147	14,58,604	11,596	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	14,68,147	14,56,551	11,596	0
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗ,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.2വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	10,25,305	10,14,245	6,885	6,074
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	10,25,305	10,12,346	6,885	*6,074
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(6380 /105X100)=6,076 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

2.3 വസ്തു നികുതി - റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

	ഡിമാന്റ്	കളക്ഷൻ	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	2228	2229	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2228	2228	0
	(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(2340/105*100)=2228.5	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.4 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	50,662	12,318	38,752
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	50,700	11,910	38767
	(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(14469+38766/105*100)=50700	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 40706*100/105)

ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2.5. **വസ്തു നികുതി -സർവീസ് സെസ് (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

	ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്			ബാക്കി		
	റെസിഡൻഷ്യൽ	നോൺ-റെസിഡൻഷ്യൽ	ആകെ	റെസിഡൻഷ്യൽ	നോൺ റെസിഡൻഷ്യൽ	ആകെ	റെസിഡൻഷ്യൽ	നോൺ റെസിഡൻഷ്യൽ	ആകെ	റെസിഡൻഷ്യൽ	നോൺ റെസിഡൻഷ്യൽ	ആകെ
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	31402	21047	52,449	31034	20769	51803	352	158	510	0	122	122
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	52,449			51,817			510			122		
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1)			(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)			(350410105-Advance Collection- Service Cess On Property Taxന്റെ ലെഡ്ജർ)			(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

2.6. **വസ്തു നികുതി -സർവീസ് സെസ് (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

	ഡിമാന്റ്			കളക്ഷൻ			ബാക്കി		
	റെസിഡൻഷ്യൽ	നോൺ-റെസിഡൻഷ്യൽ	ആകെ	റെസിഡൻഷ്യൽ	നോൺ റെസിഡൻഷ്യൽ	ആകെ	റെസിഡൻഷ്യൽ	നോൺ റെസിഡൻഷ്യൽ	ആകെ
ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	47	1008	1055	45	252	297	0	779	779
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	1,070			268			779		
	2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരം			(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)			(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

2.7.ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	റെസിഡൻഷ്യൽ	75,496	112	75608	74860	113	74973	682		0	0	0
	നോൺ-റെസിഡൻഷ്യൽ	51790	2588	54378	51192	621	51813	362		306	1954	2260
	ആകെ			129986			126786	1044		2260		
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം		1,29,986			1,26,849				1,27,726	2260		
		2,669+31+75496+51790(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt Cess/Levies...... ലെഡ്ജർ 2021-22)			(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്))				(431910101 -State Govt Cess/Levies...... ലെഡ്ജർ 2020-21)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,26,786 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1,26,849 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1,27,726 രൂപയാണ്.

1-10-2 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്മെന്റ് രജിസ്റ്റർ,അസസ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്റ്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ തോളൂർ ഗ്രാമപഞ്ചായത്തിൽ 106 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/2022 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-3 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന വരുമാന ഇനങ്ങളുടെ രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല(പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ രജിസ്റ്റർ ഒഴികെ).

1-10-4 ഷെഡ്യൂൾ ബി4-പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ശീർഷകത്തിലെ തുകകൾ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകാദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭാക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക പി.എഫ്.എം.എസ് മുഖേന കൈകാര്യം ചെയ്യുന്നതിനായി ഫെഡറൽ ബാങ്ക് ചിറ്റിലപ്പിള്ളി ശാഖയിൽ ആരംഭിച്ച അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 19720100043605) 31.03.22 ലെ നീക്കിയിരിപ്പ് 2,948,459 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് 29,08,277/- രൂപയാണ് (320200104 Development Fund - Central Finance Commission Grant - Basic Tax Grant 881,774 + 320200113 Development Fund - Central Finance Commission Grant – Tied Fund 2,026,503).

1-10-5 ഇൻകം & എക്സ്പൻഡിച്ചർ പത്രിക- വരവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ്.

ഇൻകം & എക്സ്പൻഡിച്ചർ പത്രിക ഷെഡ്യൂൾ I-6 പ്രകാരം 160100111 Development Fund - Central Finance Commission Grant – Tied Fund എന്ന ശീർഷകം നെഗറ്റീവ് തുക ബാലൻസായി കാണിക്കുന്നു (-3,51,341). ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ് ഫണ്ടിൽ നിന്നുള്ള റവന്യൂ ചെലവിന് ആനുപാതികമായ തുക റവന്യൂ വരവായി കാണിക്കുന്ന ഈ ശീർഷകം നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

1-10-6 തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി

പ്രൊജക്ട് നമ്പർ-15/22 വനിതവ്യവസായ കേന്ദ്രം കെട്ടിടനിർമ്മാണ പൂർത്തീകരണം- തുക നൽകൽ എന്ന പ്രൊജക്ട് പ്രകാരം വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 186797/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 414100101-Primary Education Sanitation Facilities In Govt. School എന്ന ശീർഷകത്തിലാണ്.

1-10-7 ജേണൽ മുഖേനയുളള രേഖപ്പെടുത്തലുകൾ- ഓരോ ജേണൽ എൻട്രിക്കും ബാധകമായ വൌച്ചറുകൾ ലഭ്യമാക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സൂക്ഷിച്ചിട്ടില്ല.

1-10-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-9 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21,30,430രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9871851 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10 വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ

തോളൂർ ഗ്രാമപഞ്ചായത്തിലെ 2021-22 ലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1-10-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

1-10-11 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ ,അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

1-10-12 അക്കൗണ്ടിംഗ് സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറ്റിയപ്പോൾ ഉണ്ടായ വ്യത്യാസങ്ങൾ

തോളൂർ ഗ്രാമപഞ്ചായത്ത് 04/09/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 05/09/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൌണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു.ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1)Opening Balance Sheet

31/3/21 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

തോളൂർ ഗ്രാമപഞ്ചായത്ത് 04/09/2021 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 05/09/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 04/09/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account , Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1 .Receipt And Payment Statement & Balance Sheet

04/09/21 ലെ സാംഖ്യയിലെ നീക്കിയിരിപ്പും ഐ.എൽ.ജി.എം.എസ് മുന്നിരിപ്പും താഴെ പറയുന്ന ശീർഷകങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ശീർഷകം	04/09/21 ലെ സാംഖ്യ നീക്കിയിരിപ്പ് പ്രകാരം	04/09/21 ലെ ഐ.എൽ.ജി.എം.എസ്. മുന്നിരിപ്പ് പ്രകാരം
കാഷ്	29,597	0
ഫെഡറൽ ബാങ്ക് (19720200000638)	2,35,766	2,65,363

മറ്റ് വ്യത്യാസങ്ങൾ ഇല്ല.

2.2. Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല.

1-11 ലൈഫ് ഭവന പദ്ധതി വായ്പ- ബാലൻസ് ഷീറ്റ് പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിനേക്കാൾ കൂടുതൽ തുക തിരിച്ചടച്ചു.

2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201- Secured Loans- Loan From KURDFC എന്ന ശീർഷകത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ 4,72,750/- രൂപ മാത്രമാണ് എന്നാൽ 2021-22 വർഷത്തിൽ വികസന ഫണ്ട്- ജനറൽ വിഭാഗം ഫണ്ടിൽ നിന്ന് 3,96,000/- രൂപയും വികസന ഫണ്ട്- എസ്.സി.പി. ഫണ്ടിൽ നിന്ന് 3,52,000/- രൂപയുമടക്കം 7,48,000/- രൂപ കുറവ് ചെയ്തിട്ടുണ്ട്. തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയേക്കാൾ 275250/- രൂപ അധികമായി കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ അധിക തുക കുറവ് ചെയ്തത് സംബന്ധിച്ച് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അധിക തുക കുറവ് ചെയ്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.14/23.01.23) മറുപടിയായി കൂടുതൽ തുക അടവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് തിരികെ ലഭിക്കുന്നതിന് വേണ്ടി തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും 21-22 വർഷത്തിൽ അധികമായി കുറവ് ചെയ്ത 275250/- രൂപ താത്ക്കാലികമായി പലിശ ഇനത്തിൽ ചെലവ് കാണിച്ചുവെന്നും ആയത് കൊണ്ടാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തൽ കാണുവാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

തിരികെ ലഭിക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ അനുയോജ്യമായ ആസ്തിശീർഷകത്തിൽ കൊണ്ട് വരേണ്ടതും, മേൽ വിഷയത്തിലെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൻവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. പറപ്പൂർ ക്ഷീരസഹകരണസംഘം - ഒന്നാം അർദ്ധവർഷം

2. ഷിൻസി പപ്പട നിർമ്മാണയുണിറ്റ് - ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ

3. ബി.എസ്.എൻ.എൽ, പറപ്പൂർ - ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ

IIഎടക്കളത്തൂർ, തോളൂർ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി 6250/- രൂപ രസീറ്റ് നമ്പർ 1210000176/25.03.22 രജിസ്റ്റർ പ്രകാരം അടവാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ വരുമാന പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

III. ബി.എസ്.എൻ.എൽ പറപ്പൂരിന്റെ ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികതി അടവാക്കിയിട്ടില്ല.

മേൽ ഖണ്ഡിക I ൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ ഈടാക്കാതിരുന്ന തൊഴിൽനികുതി കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പിൽ നൽകിയ അധികാര വ്യവസ്ഥകൾ പ്രകാരം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ തൊഴിലുടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം 257(1)-ാം വകുപ്പ് ആറാം പട്ടികയിൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരം പിഴ ഈടാക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 205ബി വകുപ്പ് പ്രകാരം നോട്ടീസ് നൽകി സെക്രട്ടറി പഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരിൽ നിന്നും അവരുടെ വരുമാനമനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 21/24.01.23)

1-13 വിമുക്തഭടൻമാരുടെ വാസഗൃഹങ്ങൾക്കുള്ള വസ്തുനികുതി ഒഴിവ്- വിമുക്തഭടൻമാരുടെ സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ ലഭ്യമാക്കേണ്ടതാണ്.

സ.ഉ.(കൈ) നമ്പർ നം.106/2017/തസ്വഭവ. തീയതി. 26.05.2017 ഉത്തരവ് പ്രകാരം വിമുക്തഭടൻ/വിമുക്തഭടന്റെ ഭാര്യ/വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതാണ്. വസ്തുനികുതി ഇളവിന് വേണ്ടി ഓരോ വർഷവും മാർച്ച് 31ന് മുൻപായി നിശ്ചിതമാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിൽ വസ്തുനികുതിയിളവ് സംബന്ധിച്ച് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 19.03.21, 22.03.21 എന്നീ തീയതികളിലെ തീരുമാനപ്രകാരം 43 വിമുക്തഭടന്മാരുടെ വാസഗൃഹങ്ങളെയാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ Exservicemen-Exemption Register പ്രകാരം 81 കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് സംബന്ധിച്ച രജിസ്റ്റർ , വിമുക്തഭടന്മാർ വസ്തുനികുതിയിളവിനായി സമർപ്പിച്ച സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/24.01.23) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-14 FACTEOS ലൈസൻസ്- വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ് ഈടാക്കിയിട്ടില്ല.

2021-22 വർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ളതും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ളതുമായ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	സ്ഥാപനത്തിന്റ വിവരങ്ങൾ	യന്ത്രസാമഗ്രിയുടെ ശേഷി (HP)	ലൈസൻസ് ചട്ടം പട്ടിക III പ്രകാരം ഈടാക്കാവുന്ന പരമാവധി ഫീസ്	ഈടാക്കിയ ഫീസ്
1	ഡിവൈൻ നാച്ചുറൽ ഫുഡ് പ്രൊഡക്ട്	23.5	300	0
2	ലക്ഷ്മി ഫ്ലവർ മിൽ	രേഖപ്പെടുത്തിയിട്ടില്ല		
3	സെന്റ് ജോസഫ് റൈസ് മിൽ	രേഖപ്പെടുത്തിയിട്ടില്ല		
4	റോയൽ ചിപ്സ് & ബേക്കറി	1	10	0
5	ബേബി തോമസ്, ഫ്ലവർമിൽ, ചിറ്റിലപ്പിള്ളി (7/67)	രേഖപ്പെടുത്തിയിട്ടില്ല		
6	ന്യൂ കൽപ്പക ഓയിൽ മിൽ	15	200	150
7	ഫുഡ് വേ ഫുഡ്സ്	5	50	0
8	സി.എൽ.ബി., ഓയിൽമിൽ	25	300	250

9	സെന്റ് ജോസ് സോ മിൽ, തോളൂർ	42.5	500	400
10	റപ്പായി റൈസ് മിൽ	രേഖപ്പെടുത്തിയിട്ടില്ല.		
11	സെന്റ് ജോൺ, ഫ്ലവർ മിൽ	രേഖപ്പെടുത്തിയിട്ടില്ല		
12	ദ യൂണിയൻ റൈസ് മിൽ	രേഖപ്പെടുത്തിയിട്ടില്ല.		
13	ശ്രീദുർഗ്ഗ റൈസ് മിൽ	രേഖപ്പെടുത്തിയിട്ടില്ല.		
14	ജിനി സ്പെഷ്യൽ സോഡാകമ്പനി	4	50	0
15	ഗ്രീൻ ഡ്രോപ്പ് കോക്കനട്ട് ഓയിൽ	13	200	100
16	സ്വാശ്രയ റൈസ് മിൽ	10	100	50
17	കേര ഓയിൽ മിൽ	20	200	0
18	ബേബി തോമസ്, ഫ്ലവർമിൽ, ചിറ്റിലപ്പിള്ളി (7/62)	10	100	0
19	സീതൻ സ്റ്റുഡിയോ	1.5	50	0
20	പുത്തൂർ സ്റ്റീൽ ഇൻഡസ്ട്രീസ്	5	50	0
21	ടിൻസ് അലുമിനിയം ഫാബ്രിക്കേഷൻ	5	50	0
22	മരിയ എൻജിനീയറിംഗ്	3.5	50	0

പരമാവധി ഫീസ് ഈടാക്കാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/24.01.23) മറുപടി ലഭ്യമാക്കിയില്ല. ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - വിവരങ്ങൾ ലഭ്യമല്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയുടം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. മേൽ ചട്ടം, ചട്ടം (8) പ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്നും കുറ്റസ്ഥാപനത്തിൻമേൽ 5000/- രൂപ വരെയാകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപ വരെയാകാവുന്ന അധികപിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2021-22 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷത്തിൽ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും മേൽ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

1. ഗ്രാന്റ് ലാബ്, പറപ്പൂർ

2. എം.സി.ലാബ്, പറപ്പൂർ

3. എം.ജേസ് റോയൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്

മേൽ വിഷയത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.23/24.01.23)

1-16 പഞ്ചായത്തിലെ കുളങ്ങൾ മത്സ്യബന്ധനത്തിനായി ലേലം ചെയ്യൽ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 28/07/21 ലെ 10-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾ കുളിക്കുന്ന കുളങ്ങൾ ഒഴിവാക്കി മറ്റ് കുളങ്ങൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 26/08/21 ലെ എ4-4323/21 നമ്പർ ലേലനോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ കരിക്കുളം, ചീനിക്കുളം, രാമക്കുളം, തളിയംകുളം, മണ്ണാത്തിക്കുളം, തോട്ടപ്പാൻ കുളം, പുന്നത്തൂർക്കുളം, ഐനിക്കാട് കുളം, എടത്തറക്കുളം, മുതുവന്നൂർക്കുളം, കണ്ടൻചിറക്കുളം എന്നിവ ലേലം ചെയ്തെങ്കിലും കരിക്കുളം എന്നിവ മാത്രമാണ് ലേലത്തിൽപ്പോയത്. തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ 29/09/21ലെ 17(2) നമ്പർ തീരുമാന പ്രകാരം കുളങ്ങൾ പുനർലേലം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതാണ്. ടി തീരുമാനത്തിലുള്ള തുടർനടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/23.01.23) മറുപടിയായി കുളങ്ങളുടെ പുനർലേലം. 04.10.21 ന് നടത്തിയെങ്കിലും കുളങ്ങളിൽ മത്സ്യ ലഭ്യത കുറവായതിനാൽ ആരും ലേലം കൊണ്ടില്ല എന്നും കുളങ്ങൾ പുനർലേലം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 മണ്ണ് ലേലം - ശേഷിച്ച മണ്ണ് ലേലം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 23.12.21 ലെ 4-ാം നമ്പർ തീരുമാന പ്രകാരം എം.സിഎഫ് കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ലേലം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ലേല രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം തൻവർഷം മണ്ണ് ലേലം ഇനത്തിൽ വരവുകൾ ഇല്ല. മേൽ തീരുമാനം സംബന്ധിച്ച തുടർ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/24.01.23) മറുപടിയായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലേലം നടന്നിട്ടില്ലെന്നും നടപ്പു വർഷം കൂർണിപ്പാടം റോഡ് നിർമ്മാണത്തിന് ആവശ്യമുള്ള മണ്ണ് ഉപയോഗിക്കാൻ അസി.എഞ്ചിനീയർക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ബാക്കി വരുന്ന മണ്ണ് കൃത്യമായി വാലേഷൻ എടുത്ത് ലേലം ചെയ്യുന്നതിന് 09.01.23 ലെ 20(1) തീരുമാനപ്രകാരം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ലേലത്തുക അടവാക്കിയത് വരുമാനശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2021-22 വർഷത്തിൽ വിവിധ ലേലങ്ങളുടെ ഡെപ്പോസിറ്റ് ഇനത്തിൽ 1600/- രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക 340200102- Auction Deposit എന്ന ബാധ്യത ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്. മേൽ തുകയിൽ മത്സ്യക്കുളം ലേലം ഇനത്തിൽ ₹400/- ,ഇരുമ്പ് ലേലം -₹200 , ബാറ്ററി ലേലം-₹ 200 , പാഴ്‌വസ്തുക്കളുടെ ലേലം-₹200, വിവിധ മരങ്ങളുടെ ലേലം-₹600/- എന്നിങ്ങനെയാണ് തുകകൾ ലഭിച്ചിട്ടുള്ളത്. ലേലംകൊണ്ടയാളുകളുടെ ഡെപ്പോസിറ്റ് തുകയാണ് മേൽ പ്രകാരം കാണിച്ചിട്ടുള്ളത്. ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുക കുറവ് ചെയ്തിട്ടുള്ള ബാക്കി തുക മാത്രമാണ് ലേല സംഖ്യയായി അടവാക്കിയിട്ടുള്ളത്. ആയതിനാൽ ഡെപ്പോസിറ്റ് ലഭിച്ച തുക ബാധ്യത ശീർഷത്തിൽ നിന്നും അതത് ഇനങ്ങളുടെ വരവായി ക്രമീകരിച്ചിട്ടില്ല.

മരങ്ങൾ ലേലം കൊണ്ട ശ്രീ.അബ്ബാസ്, പാറമേൽ എന്നയാൾ ലേലസംഖ്യ അടവാക്കാത്തതിനാൽ 19.02.22 ലെ 5(1) നമ്പർ തീരുമാന പ്രകാരം ടിയാൻ അടവാക്കിയ തുക(600/-) രൂപ കണ്ടു കെട്ടുന്നതിന് യോഗം തീരുമാനിച്ചിട്ടുള്ളതാണ്. ടി തുകയും ബാധ്യത ശീർഷകത്തിൽ നിന്നും

ഒഴിവാക്കി വരവായി ക്രമീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.16/23.01.23) മറുപടിയായി ലേലം കൊണ്ടയാളുകളുടെ ഡെപ്പോസിറ്റ് തുക വരവായി ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 പഞ്ചായത്ത് തനത് വരുമാന വർദ്ധനവ്- സർവ്വേ നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ 08/06/21 ലെ തീരുമാന പ്രകാരം പഞ്ചായത്തിൽ അനുമതിയില്ലാതെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ചെറിയ നികുതി അടവാക്കി വരികയും ചെയ്യുന്ന വീടുകളോ കെട്ടിടങ്ങളോ കണ്ടെത്തുന്നതിനും ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്ന വ്യാപാരസ്ഥാപനങ്ങൾ ഉണ്ടോ എന്നതും സംബന്ധിച്ച സർവ്വെ നടത്തുന്നതിന് പഞ്ചായത്ത് കമ്മറ്റിക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ സർവ്വെ നടത്തി കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (20/24.01.23) മറുപടിയായി ജീവനക്കാരുടെ അഭാവം മൂലവും കോവിഡ് സാഹചര്യവും പരിഗണിച്ച് സർവ്വെ നടത്താൻ സാധിച്ചിട്ടില്ലെന്നും 2023-24 ആദ്യ പകുതിയിൽത്തന്നെ സർവ്വെ നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത അധിക തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 12.11.21 ലെ 2-ാം നമ്പർ തീരുമാന പ്രകാരം വിവിധ പദ്ധതികൾക്കായി ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുകയിൽ പ്രവൃത്തി പൂർത്തീകരിച്ചതും ജല ലഭ്യതയില്ലാത്തതിനാൽ ഉപേക്ഷിക്കേണ്ടിവന്നതും എസ്റ്റിമേറ്റിൽ റിവിഷൻ ആവശ്യമുള്ളതുമായ പദ്ധതികളുടെ 29,02,002/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ നിലവിൽ ഡെപ്പോസിറ്റായി നിലനിൽക്കുന്നുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	അടവാക്കിയ തുക	ചെലവ്	പഞ്ചായത്തിലേക്ക് അടവാക്കേണ്ട തുക	ഡിപ്പാർട്ട്മെന്റിലേക്ക് അടവാക്കേണ്ടത്	റിമാർക്ക്സ്
1	എടക്കളത്തൂർ OLH	600000	587861	12139	0	പൂർത്തീകരിച്ചു
2	ഗാന്ധി നഗർ വാർഡ് 13	640000	615233	24767	0	പൂർത്തീകരിച്ചു
3	നാഗത്താൻകാവ്	1150000	67694	1082306	0	ജല ലഭ്യത കുറവായതിനാൽ പദ്ധതി ഉപേക്ഷിച്ചു
4	ഐക്കരപുറം അമ്പല നട	560000	7210	552790	0	ജല ലഭ്യത കുറവായതിനാൽ പദ്ധതി ഉപേക്ഷിച്ചു
5	മൂള്ളൂർകുന്ന് HC	100000	0	100000	0	എസ്റ്റിമേറ്റ് ഭേദഗതി ആവശ്യമുണ്ട്
6	മോസ്ക്കോ നഗർ	600000	0	600000	0	ഭൂജല വകുപ്പ് നേരിട്ട് നടത്തുന്നു.
7	തെക്കുംപുറം	530000	0	530000	0	ഭൂജല വകുപ്പ് നേരിട്ട് നടത്തുന്നു.
	ആകെ			29,02,002		

ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ച പദ്ധതികളിൽ താഴെപറയുന്ന പദ്ധതികളുടെ ബാലൻസ് തുക 2,82,558/- രൂപ കൂടി ഭൂജല വകുപ്പിൽ നൽകേണ്ടതുമുണ്ട്.

ഗാന്ധിനഗർ വാർഡ് 2- 1,80,346

ഗാന്ധിനഗർ ഹൌസ് കണക്ഷൻ - 98,865

ഗാന്ധിനഗർ വാർഡ് 13 - 7,347

ആകെ - 2,82,558

മേൽ സാഹചര്യത്തിൽ താഴെപറയും പ്രകാരം പദ്ധതികളിലേക്ക് അധികരിച്ചു നിൽക്കുന്ന തുക 26,19,444 / - ക്രമപ്പെടുത്തി തുടർനടപടികൾ കൈകൊള്ളുന്നതിന് ഭൂജല വകുപ്പിനോട് ആവശ്യപ്പെടുന്നതിന് യോഗം തീരുമാനിച്ചിട്ടുള്ളതാണ്.

ക്രമനമ്പർ	പദ്ധതിയുടെ പേര്	എടുക്കേണ്ട നടപടി
1	ചിറ്റിലപ്പിള്ളി കുടിവെള്ള പദ്ധതി	സർവ്വേ ചെയ്ത് പുതിയ കിണർ നിർമ്മിക്കുന്നതിന് സാധിക്കാത്തപക്ഷം നിലവിലുള്ള പദ്ധതിയിൽ നിന്നും പൈപ്പ് കണക്ഷൻ എക്സ്റ്റന്റ് ചെയ്യുന്നതിന്
2	അമ്പല നട ഐക്കരപുറം	സർവ്വേ ചെയ്ത് പുതിയ കിണർ നിർമ്മിക്കുന്നതിന്
3	മുള്ളൂർകുന്ന് കുടിവെള്ള പദ്ധതി	എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന്
4	രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ	നിലവിലെ എസ്റ്റിമേറ്റ് 1,20,000/- രൂപ പ്രവൃത്തി ചെയ്യുന്നതിന്

മേൽ പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഭൂജല വകുപ്പിൽ അധികമായി ഡെപ്പോസിറ്റ് ചെയ്ത 29,02,002/- രൂപ നിലവിലുള്ള പദ്ധതികളിലേക്ക് ക്രമീകരിച്ച് ഭൂജല വകുപ്പ് വിവരം ലഭ്യമാക്കിയിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/24.01.23) മറുപടിയായി അവശേഷിക്കുന്ന തുകയിൽ നിന്ന് വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതാണെന്നും ശേഷിച്ച തുകയ്ക്ക് ചിറ്റിലപ്പിള്ളി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും നാളിതുവരെയുള്ള പ്രവൃത്തികൾ ക്രമവത്ക്കരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭൂജല വകുപ്പിൽ അധികമായി ഡെപ്പോസിറ്റ് ചെയ്ത തുക നിലവിലുള്ള പദ്ധതികളിലേക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് വിനിയോഗ സാക്ഷ്യപത്രം സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയത്തിലുള്ള തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തോളൂർ ഗ്രാമപഞ്ചായത്തിന്റെ 27/11/21 ലെ 7-ാം നമ്പർ തീരുമാന പ്രകാരം 8-ാം വാർഡ് നിവാസികളായ താഴെ പറയുന്ന വ്യക്തികളുടെ അപേക്ഷ പരിഗണിച്ച് കുടിവെള്ള കണക്ഷനായി കോലത്താട് റോഡിൽ കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് പണിക്ക് മുമ്പായി

പ്രവൃത്തി പൂർത്തീകരിച്ച് പൂർവ്വസ്ഥിതിയിലാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നതിന് തീരുമാനിച്ചിരുന്നു.

ക്രമനമ്പർ	വിലാസം	വാർഡ് നമ്പർ ,വീട്ട് നമ്പർ
1	അലക്സ് സി.എ, ചിറ്റിലപ്പിള്ളി കുന്നത്ത് വീട്, പറപ്പൂർ - 680552	VIII , 59 A
2	ഡോൺ മാർട്ടിൻ കുണ്ടുകുളങ്ങര വീട്, പറപ്പൂർ - 680552	VIII ,270
3	ബിനീഷ് കെ.ജി കളരിക്കൽ വീട്, പറപ്പൂർ - 680552	VIII ,271
4	ജിൻസൺ എൻ.ജെ നെയ്യൻ വീട്, പറപ്പൂർ - 680552	VIII ,272
5	ഡെവിസ് വി.സി വടക്കൂട്ട് വീട്, പറപ്പൂർ - 680552	VIII ,273
6	റഷീദ് എ.എം അമ്പലത്ത് വീട്ടീൽ വീട്, പറപ്പൂർ - 680552	VIII ,274
7	ആനി ഫ്രാൻസിസ് പുത്തൂർ വീട്, പറപ്പൂർ - 680552	VIII ,275
8	ബീനോയ് ചന്ദ്രൻ ബ്രപ്പുകുളം വീട്, പറപ്പൂർ - 680552	VIII , 282 A
9	സി.പി ബാബു ചാലക്കൽ വീട്, പറപ്പൂർ - 680552	VIII ,278
10	ഷീബ ഉണ്ണികൃഷ്ണൻ തച്ചംപിള്ളി വീട്, പറപ്പൂർ - 680552	VIII ,300 A
11	ജോബി സി.ജെ ചെമ്മണൂർ വീട്, പറപ്പൂർ - 680552	VIII ,47 A
12	ജോൺസൺ പി.കെ പുറുത്തൂർ വീട്, പറപ്പൂർ - 680552	VIII ,280

തീരുമാനത്തിലെ നിബന്ധന പ്രകാരം മേൽ വ്യക്തികൾ റോഡ് പണിക്കു മുമ്പായി പ്രവൃത്തി പൂർത്തീകരിച്ച് റോഡ് പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടുണ്ടോ എന്നും അല്ലാത്ത പക്ഷം ടി വ്യക്തികളിൽ നിന്ന് റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയിട്ടുണ്ടോ എന്നും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/25.01.23) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച തുടർവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-22 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം രശീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ച് അടവാക്കി

കൃഷി ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരമുള്ള ഗുണഭോക്തൃവിഹിതം രസീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ച് അടവാക്കി. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നമ്പർ - 19/22- ഗ്രാഫ്റ്റ്/ ബഡ് ചെയ്ത ഫലവൃക്ഷതൈ വിതരണം

വികസന ഫണ്ട് ഉപയോഗിച്ച് VFPCK Seed Processing Plant ,ആലത്തൂർ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 350/-രൂപ നിരക്കിൽ 430 എണ്ണം Nutmeg (Viswasree) തൈകളും, 200/-രൂപ നിരക്കിൽ 232 എണ്ണം Jack Vietnam Super Early തൈകളും 1,96,900/-രൂപയ്ക്ക് (ഇൻവോയ്സ് നം.SPP/21-22 തിയതി.15.02.2022) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം തൈകളുടെ വിലയുടെ 25% ഗുണഭോക്താവ് നേരിട്ട് വഹിക്കണം. വികസന ഫണ്ട് ചെലവഴിച്ചത് 1,96,900/-തുകയുടെ 75% ആയ 1,47,675/-രൂപയാണ്. ഗുണഭോക്തൃ വിഹിതമായ 49,225/-രൂപ രശീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ചെടുത്ത് എസ്.ബി.ഐ യുടെ Pay In Slip പ്രകാരം 15.03.2022 ന് VFPCK Seed Processing Plant ൽ കൃഷി ഓഫീസർ അടവാക്കിയിട്ടുണ്ട്.

2. പ്രൊജക്റ്റ് നമ്പർ - 22/22-സുഭിക്ഷകേരളം-വനിതകൾക്ക് ഗ്രോബാഗ് പച്ചക്കറി തൈ വിതരണം

വികസന ഫണ്ട് ഉപയോഗിച്ച് അടാട്ട് കാർഷിക കർമ്മസേന,അടാട്ട് എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റ് ഒന്നിന് 2,000/-രൂപ നിരക്കിൽ 100 യൂണിറ്റ് (ഒരു യൂണിറ്റിൽ 25 എണ്ണം) ഗ്രോബാഗ് പച്ചക്കറി തൈ 2,00,000/-രൂപയ്ക്ക് (ഇൻവോയ്സ് നം.7 തിയതി.02.12.2021) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.പ്രൊജക്റ്റ് പ്രകാരം തൈകളുടെ വിലയുടെ 25% ഗുണഭോക്താവ് വഹിക്കേണ്ടതാണ്.വികസന ഫണ്ട് ചെലവഴിച്ചത് 2,00,000/-തുകയുടെ 75% ആയ 1,50,000/-രൂപയാണ്. ഗുണഭോക്തൃ വിഹിതമായ 50,000/-രൂപ രശീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ചെടുത്ത് 15.12.2021 ന് അടാട്ട് കാർഷിക കർമ്മസേന യിൽ കൃഷി ഓഫീസർ അടവാക്കിയതിന്റെ രശീതി ഫയലിൽ ഉണ്ട്.

ഗുണഭോക്തൃ വിഹിതം രശീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ചെടുത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (02/20.01.23) മറുപടിയായി പ്രകാരം ഗുണഭോക്തൃവിഹിതം നേരിട്ട് വഹിക്കുന്ന തരത്തിലാണ് പ്രൊജക്റ്റ് രൂപീകരിച്ചിരുന്നത്. ഇപ്രകാരം പ്രൊജക്റ്റിൽ രേഖപ്പെടുത്തിയിരുന്നതിനാൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കാൻ സാധിക്കുകയില്ല എന്നാണ് പഞ്ചായധികൃതർ അറിയിച്ചത്. അതിനാൽ ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾക്ക് വേണ്ടി വാങ്ങി നേരിട്ട് വി.പി.എഫ്.സി.കെ.യുടെ അക്കൗണ്ടിലേക്ക് അടവാക്കി രേഖകൾ സൂക്ഷിക്കുകയാണ് ചെയ്തതെന്നും മേലിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 20 പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന എല്ലാ പണം വരവുകൾക്കും രസീത് നൽകേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ച് കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീതി നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-23 പത്രപരസ്യം- നിയമാനുസൃത ഡിസ്ക്കൗണ്ട് ലഭ്യമായില്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്ക്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ്ജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം./തീയതി	തുക	ഇൻവോയ്സ് നമ്പർ/തീയതി	പത്രം
1	22100339/12.07.21	1,600	57576/28.06.21	വീക്ഷണം
2	22100591/01.11.21	8,640	60680/21.10.21 -5760 60788/26.10.21 -2880	വീക്ഷണം
3	22100647/15.01.22	11,520	61725/27.11.21 -2880 62051/09.12.21 -2880 61387/15.11.21 -2880 61724/27.11.21 -2880	വീക്ഷണം
4	21100664/24.01.22	6,061	321000091957/11.01.22	മാതൃഭൂമി
5	22100687/04.02.22	8,640	63778/20.01.22 -2880 63780/20.11.22 -2880 63927/24.01.22 -2880	മാതൃഭൂമി
6	22100721//21.02.22	10,606	321000078886/09.12.21 321000094569/18.01.22	മാതൃഭൂമി
ആകെ		47,067		

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്ക്കൗണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ (ഓഡിറ്റ് എൻക്വയറി നം.18/23.01.23) എൻക്വയറിയ്ക്ക് മറുപടിയായി മേൽ സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നില്ലെന്നും തുടർന്നു വരുന്ന ബില്ലുകളിൽ കിഴിവ് ആവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ നിയമാനുസൃത ഡിസ്ക്കൗണ്ട് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി പണം നൽകേണ്ടതാണ്.

1-24 വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണ പൂർത്തീകരണം -നാളിതുവരെയും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല.

വനിതാ സംരംഭകർക്ക് തൊഴിലിടം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ 41,75,000 രൂപ എസ്റ്റിമേറ്റ് കണക്കാക്കി 2018-19 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത ബഹുവർഷ പ്രോജക്റ്റ് ആണ് വനിതാ വ്യവസായ കേന്ദ്രനിർമ്മാണം. 2021-22ൽ പദ്ധതി നം.15/22 വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണ പൂർത്തീകരണം -തുക നൽകൽ എന്ന പദ്ധതിയിൽ വികസന ഫണ്ട് (ജനറൽ) നിന്നും 1,86,797/- രൂപ വകയിരുത്തി വൗച്ചർ നം.22100808/26.03.22 പ്രകാരം 1,86,797/- രൂപ കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുണ്ട്. കോസ്റ്റ്ഫോർഡിന്റെ 25.03.2022 തിയ്യതിയിലെ

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം നാളിതുവരെയായി 33,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 26.03.2022ന് ഒരു സപ്ലിമെന്ററി കരാർ ചമയ്ക്കുകയും (നം.12/21-22) അത് പ്രകാരം 31.05.2022 നകം പണി പൂർത്തീകരിക്കണമെന്നും അല്ലാത്ത പക്ഷം നിയമാനുസൃതമായ പിഴ ഈടാക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണവും പ്രവൃത്തി സമയപരിധിക്കകം പൂർത്തീകരിക്കാത്തതിനാൽ സ്വീകരിച്ച തുടർനടപടികളും ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (17/23.01.23) മറുപടി ലഭ്യമാക്കിയില്ല. ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം	പ്രോജക്ട് നമ്പർ	നിർവ്വഹണ ഏജൻസി	വൗച്ചർ നം	തുക (₹)
1	1/22 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ)	ഇൻഫർമേഷൻ കേരള മിഷൻ	22100566/11.10.21	57,000
2	6/22 കാൻ തൃശൂർ ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ)	ജില്ലാ പഞ്ചായത്ത്	22100636/07.01.22	80,000
3	228/22 പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ (ധനകാര്യ കമ്മീഷൻ അവാർഡ്)	അനർട്ട് ,തൃശൂർ	22100549/24.03.22	6,87,500

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 19/23.01.2023)

1-26 പോന്നോർ സ്കൂൾ സൗന്ദര്യവത്ക്കരണം- ജി.എസ്.ടി ഈടാക്കേണ്ടതില്ലാത്ത ഇനങ്ങൾക്ക് ഫൈനൽബില്ലിൽ ജി.എസ്.ടി. ഉൾപ്പെടുത്തി.

പോന്നോർ ജി.യു.പി.എസിൽ നിലവിലുള്ള കളിമുറ്റം / പാർക്ക് പുതിയ കളിയുപകരണങ്ങൾ സ്ഥാപിച്ച് മോടി പിടിപ്പിച്ച് സൗന്ദര്യവത്ക്കരണം നടത്തുന്നതിനാണ് 2018-19 വർഷത്തിൽ മേൽ പ്രൊജക്ട് രൂപീകരിച്ച് നടപ്പിലാക്കി വരുന്നത്. അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡ് മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കി വരുന്നത്. മേൽ പ്രൊജക്ടിനായി 2018-19 വർഷം മുതൽ 2020-21 വർഷം വരെയുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രൊജക്ടുകൾ മുഖേന ₹376,660 /- രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. 18.03.21 ൽ കോസ്റ്റ് ഫോർഡ് സമർപ്പിച്ച പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം മേൽ പദ്ധതിക്കായി ₹5,09,146/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. ആയത് പ്രകാരം കോസ്റ്റ് ഫോർഡിന് ₹ 1,32,486/-(509146 – 3766660) നൽകേണ്ടതുണ്ട്. 2021-22 വർഷം ഈ പദ്ധതിക്കായി 195/22 നമ്പർ പ്രൊജക്ട് പ്രകാരം 30657/- രൂപ വകയിരുത്തുകയും ടി തുക തന്നെ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും വൗച്ചർ നം. 22100797/24.03.22 പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പൂർത്തീകരണ സാക്ഷ്യപത്രത്തോടൊപ്പം കോസ്റ്റ് ഫോർഡ് സമർപ്പിച്ച ഫൈനൽ ബിൽ, എം.ബുക്ക്, കളിയുപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ ഇൻവോയ്സ് എന്നിവ പരിശോധിച്ചതിൽ കളിയുപകരണങ്ങൾ ആയ Merrygo Round, See-Saw, , Slider എന്നിവ ഓരോന്ന് വീതം Veco Trading, Arimpur, Thrissur എന്ന സ്ഥാപനത്തിൽ നിന്നും 014/24.10.2020 എന്ന ഇൻവോയ്സ് പ്രകാരം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. മേൽ ഉപകരണങ്ങളുടെ ഇൻവോയ്സ് പ്രകാരമുള്ള വില വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	ഉപകരണം	Rate/Unit	GST (12%)	ജി.എസ്.ടി. ഉൾപ്പെടെയുള്ള വില
1	Merry Go Round	19642.86	2357.14	22000
2	See-Saw	16071.42	1928.58	18000
3	Slider	28571.42	3428.58	32000

കോസ്റ്റ് ഫോർഡ് സമർപ്പിച്ച ഫൈനൽ ബില്ലിൽ ഐറ്റം നമ്പർ II, III എന്നിവ പ്രകാരം യഥാക്രമം Merry Go Round, See-Saw എന്നിവയും Extra Item ആയി Slider നെയും ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ ഉപകരണങ്ങളുടെ ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം എല്ലായിനങ്ങളുടെയും ആകെ മൂല്യം ₹4,22,878/- രൂപയും സർവീസ് ചാർജ്ജ് (7.5%) ₹31716/- രൂപയും കൂടി ₹4,54,594രൂപയും ജി.എസ്.ടി (12%) ₹54,552/- രൂപയുമാണ്.

മേൽ ഉപകരണങ്ങളുടെ ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തിയതിനാൽ വീണ്ടും ഈയിനങ്ങൾക്ക് ജി.എസ്.ടി. ഈടാക്കേണ്ടതില്ലാത്തതാണ്. ഫൈനൽബില്ലിൽ ജി.എസ്.ടി. ഈടാക്കേണ്ടതില്ലാത്ത മേൽ ഇനങ്ങൾക്ക് വീണ്ടും ജി.എസ്.ടി ഈടാക്കിയതിനാൽ താഴെ പറയും പ്രകാരം അധികതുക ഫൈനൽ ബിൽ പ്രകാരം വന്നിട്ടുണ്ട്.

ക്രമനമ്പർ	വിവരണം	കോസ്റ്റ് ഫോർഡ് സമർപ്പിച്ച ഫൈനൽബിൽ പ്രകാരം നൽകേണ്ട തുക	യഥാർത്ഥത്തിൽ നൽകേണ്ട തുക
1	കളിയുപകരണങ്ങൾ ഒഴികെയുള്ള പ്രവൃത്തികളുടെ ആകെ മൂല്യം	350878	350878
2	Merry Go Round	22000	19642.86
3	See-Saw	18000	16071.42
4	Slider	32000	28571.42
	ആകെ പ്രവൃത്തി മൂല്യം	422878	415164
	സർവീസ് ചാർജ്ജ് (7.5%)	31716	31137
	ആകെ	454594	446301
	ജി.എസ്.ടി. (12%)	54552	53556
	ആകെ	509146	499857

മേൽ പ്രസ്താവിച്ച പ്രകാരം ഫൈനൽ ബില്ലിൽ ₹9,289/ (509146-499857) അധിക തുക ഉൾപ്പെട്ടിട്ടുണ്ട്.

ഇപ്രകാരം അധിക തുക ഫൈനൽബില്ലിൽ ഉൾപ്പെടുവാനിടയായത് സംബന്ധിച്ച് കോസ്റ്റ്ഫോർഡുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചത് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/18.1.23) മറുപടിയായി അപാകത സൂചിപ്പിച്ച് കൊണ്ട് കോസ്റ്റ്ഫോർഡിന് കത്ത് നൽകിയിട്ടുണ്ടെന്നും ഫൈനൽ ബില്ലിലെ മേൽ അപാകത പരിഹരിച്ചതിന് ശേഷം മാത്രമേ ബാക്കി തുക അനുവദിക്കുകയുള്ളു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസി.എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കിയിട്ടാണോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.
2. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.
3. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയിരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.
4. 2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.
5. കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നത് നിശ്ചിത മാതൃകയിലല്ല. ആവശ്യമായ വിവരങ്ങൾ കാഷ് ബുക്കിൽ ചേർക്കുന്നില്ല. തീയതി പോലും ഇല്ലാതെയാണ് കാഷ് ബുക്ക് എഴുതിയിരിക്കുന്നത്. കാഷ് ബുക്ക് ഓരോ ദിവസവും ക്ലോസ് ചെയ്യുന്നില്ല. ഓൺ ലൈൻ പേമെന്റുകളുടെ വിവരം കാഷ് ബുക്കിലോ മറ്റേതെങ്കിലും രജിസ്റ്ററിലോ രേഖപ്പെടുത്തുന്നില്ല.
6. എഗ്രിമെന്റിലോ എഗ്രിമെന്റ് രജിസ്റ്ററിലോ പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി ചേർക്കുന്നില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 12/20.01.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി വരുംവർഷങ്ങളിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-28 ഇ-ടെണ്ടർ ഫീ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല

അസി.എഞ്ചിനീയർ 2021-22 വർഷത്തിൽ ഇ-ടെണ്ടർ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്കുവേണ്ടി കരാറുകാരിൽ നിന്നും ഈടാക്കിയ ടെണ്ടർ ഫീ അസി.എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 28/25.01.2023-ന് മറുപടി ലഭ്യമാക്കിയില്ല. ഇ-ടെണ്ടർ ഫീ പഞ്ചായത്തിൽ അടവാക്കി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 സാമൂഹ്യസുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ തുക അനുവദിച്ചു

മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐ.ഡി.	പെൻഷൻ തരം	മരണപ്പെട്ട തീയതി	പെൻഷൻ സ്റ്റാറ്റസ്
1	ജോണി.സി.ഐ.	107500200247	വാർദ്ധക്യകാല പെൻഷൻ	31.01.22	നവംബർ 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ ആക്ടീവ് സ്റ്റാറ്റസ് ആണ്.
2	വർക്കി ഇ.സി.	107500100855	കർഷകത്തൊഴിലാളി പെൻഷൻ	03.02.2022	ആഗസ്റ്റ് 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ ആക്ടീവ് സ്റ്റാറ്റസ് ആണ്.
3	കൊച്ചുമറിയം	107500600231	വിധവ പെൻഷൻ	04.02.22	നവംബർ 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ ആക്ടീവ് സ്റ്റാറ്റസ് ആണ്.
4	കാളിക്കുട്ടി	107500100586	കർഷകത്തൊഴിലാളി പെൻഷൻ	21.05.2021	ജനുവരി 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ സസ്പെൻഡ് സ്റ്റാറ്റസ് ആണ്.
5	കാർത്ത്യായനി	107500100226	കർഷകത്തൊഴിലാളി പെൻഷൻ	15.03.2021	ജനുവരി 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ സസ്പെൻഡ് സ്റ്റാറ്റസ് ആണ്.
6	ബാലൻ.പി.എ.	107500200072	വാർദ്ധക്യകാല പെൻഷൻ	28.02.2021	ജൂൺ 2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ സസ്പെൻഡ് സ്റ്റാറ്റസ് ആണ്.
7	നാരായണൻ.ഇ.എ.	107500201127	വാർദ്ധക്യകാല പെൻഷൻ	24.01.2021	ജനുവരി 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു.

					നിലവിൽ സസ്പെൻഡ് സ്റ്റാറ്റസ് ആണ്.
8	ഔസേപ്പ്.സി.വി.	107500200677	വാർദ്ധക്യകാല പെൻഷൻ	09.01.2021	ജനുവരി 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ സസ്പെൻഡ് സ്റ്റാറ്റസ് ആണ്.

മറ്റ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും നിലവിൽ പെൻഷൻ വാങ്ങാൻ ഇടയായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐ.ഡി.	പെൻഷൻ തരം	മരണപ്പെട്ട തീയതി	പെൻഷൻ സ്റ്റാറ്റസ്
1	ഗോപാലൻ നായർ	2220283255	കർഷക പെൻഷൻ	10.04.2021	നവംബർ 2022 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. നിലവിൽ ആക്ടീവ് സ്റ്റാറ്റസ് ആണ്.
2	ആന്റണി പി.ഒ.	2183420996	ട്രേഡേഴ്സ് വെൽഫെയർ ബോർഡ് പെൻഷൻ	16.12.2020	ഡി.ബി.റ്റി. വിതരണ വിവരങ്ങൾ ലഭ്യമല്ല. നിലവിൽ ആക്ടീവ് സ്റ്റാറ്റസ് ആണ്.

പെൻഷണറുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും പെൻഷണറെ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യാത്തത് സംബന്ധിച്ചും പെൻഷൻ തുക അക്കൗണ്ടിലേക്ക് നിക്ഷേപിച്ചത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/25.01.23) മറുപടി ലഭ്യമാക്കിയില്ല.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളു. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് സർക്കുലർ നം 63/2021 ധന തിയ്യതി 02.08.2021 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ ഖണ്ഡിക 2(1) പ്രകാരം അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയവർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം അടുത്ത മാസം 10-ാം തീയതിക്കകം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിനെ അറിയിക്കേണ്ടതും ആയത് പ്രകാരം പെൻഷൻ ലിസ്റ്റിൽ നിന്നും മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കേണ്ടതുമാണ്. മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. മേൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ആയത് പരിശോധിക്കേണ്ടതും മരണശേഷം അനുവദിക്കപ്പെട്ട പെൻഷൻ തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

തോളൂർ പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ നം.113/21-22 ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ (അടങ്കൽ-3,01,275 ചെലവ് -1,91,966 -ധനകാര്യ കമ്മീഷൻ അവാർഡ്)പദ്ധതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ പറയുന്നു.

2-7-21 തിയ്യതിയിലെ സ.ഉ.(ആർ.ട്ടി.)നം.1250/ത.സ്വ.ഭ.വ. പ്രകാരം ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുമ്പോൾ പ്രവർത്തിക്കുന്ന ദിവസങ്ങളിൽ അംഗങ്ങൾക്ക് 750 രൂപ നൽകേണ്ടതാണ്, എന്നാൽ 300 രൂപ മാത്രമാണ് നൽകിയിരിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.7 -20-1-23ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഹരിതകർമ്മസേനാംഗങ്ങൾ നിലവിൽ ശരാശരി 6 മുതൽ10 ദിവസം വരെയാണ് ഖരമാലിന്യ ശേഖരണത്തിന് പേകുന്നതെന്നും ലഭിക്കുന്ന യൂസർ ഫീയുടെ 10 ശതമാനം തുക കൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം ബാക്കിയുള്ള തുകയാണ് 300 രൂപ നിരക്കിൽ അംഗങ്ങൾക്ക് നൽകുന്നതെന്നും, പഞ്ചായത്തിൽ നിലവിലുള്ള 5500 വീടുകളിൽ ഏതാണ്ട് 600ൽ താഴെ വീടുകൾ മാത്രമാണ് നിലവിൽ സഹകരിക്കുന്നതെന്നും, പതിവായി കളക്ഷന് പേകുന്ന 311 കടകളിൽ 100കടകളിൽ നിന്ന് മാത്രമേ നിലനിൽ യൂസർ ഫീ ലഭ്യമാകുന്നുള്ളൂയെന്നും വ്യാപാരസ്ഥാപനങ്ങൾ വേണ്ടതുപോലെ സഹകരിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ വേണ്ടവിധം സഹകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി നോട്ടീസ് വിതരണം നൽകൽ, പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾക്കു് ഹരിതകർമ്മ സേന യൂസർഫീ കാർഡ് നിർബന്ധമാക്കൽ, ഗ്രാമസഭയിൽ ടി. വിഷയം അജണ്ടയാക്കി മാലിന്യ സംസ്കരണത്തെ കുറിച്ച് അവബോധംസൃഷ്ടിക്കൽ, മാലിന്യ സംസ്കരണത്തെകുറിച്ച് കുട്ടികൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കൽ തുടങ്ങിയ നിലവിൽ തുടർന്ന വരുന്ന പ്രവർത്തികൾ തുടരേണ്ടതും, പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുകയോ, പ്ലാസ്റ്റിക്ക് തുടങ്ങിയ വസ്തുക്കൾ കത്തിക്കുകയോ ചെയ്യുന്നവർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. യൂസർ ഫീ കളക്ഷൻ കാര്യക്ഷമമാക്കിയാൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ വരുന്ന ചെലവ് ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

1-31 ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം.

പഞ്ചായത്തിൽ നായ/പന്നി ലൈസൻസ് അനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 21-22 വർഷത്തിൽ 37 നായകൾക്ക് ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4 തി. 20/01/23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2019ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 679 വളർത്ത് നായ്ക്കളുണ്ടെന്നും, 399 എണ്ണത്തിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. എല്ലാ നായകൾക്കും ലൈസൻസ് എടുക്കുന്നില്ലെന്നും, പേ വിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ലെന്നും വ്യക്തമാണ്, മാത്രമല്ല ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട 32,100 രൂപയിൽ 370 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കേരള പഞ്ചായത്ത് രാജ് റൂൾ4/1998 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ്

എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നം.W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്.

വളർത്തു നായ്ക്കളിൽ നിന്ന് പേ വിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവ് മാനിച്ചു കൊണ്ട്, 8/8/21 തിയ്യതിയിലെ സർക്കുലർ നം. RC3/24/ത.സ്വ.ഭ.വ പ്രകാരം ആവശ്യമായ ബോധവൽക്കരണം നടത്തി ലൈസൻസ് നൽകേണ്ടതാണ്.

1-32 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന KL 8- AW -6692 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ ശരിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവയിൽ അറ്റകുറ്റപണികളുടേയും, ഇന്ധനം വാങ്ങിയതിന്റേയും വിവരങ്ങൾ ശരിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന./02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-33 ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് മിഷൻ ഭവന നിർമ്മാണം, പദ്ധതിയുടെ ഗുണഭോക്തൃ റജിസ്റ്റർ പരിശോധിച്ചതിൽ ഉണ്ണികൃഷ്ണൻ, നെല്ലിപറമ്പിൽ വീട് എന്ന ഗുണഭോക്താവ് വിവിധ ഘട്ടങ്ങളിലായി (40,000 രൂപ, 1,60,000 രൂപ) ആകെ 2,00,000 രൂപ ധനസഹായം കൈപ്പറ്റിയിട്ടും പണിപൂർത്തീകരിക്കാത്തതായി കാണുന്നു.

ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3 തിയ്യതി 20-1-23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടിയാൻ ഭവനത്തിന്റെ തറപണി മാത്രം പൂർത്തിയാക്കിയിട്ടുള്ളതും, പിന്നീട് പണികൾ ഒന്നും തന്നെ നടത്തിയിട്ടില്ലാത്തതുമാണെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 19-8-22ന് ഓർമ്മ കുറിപ്പും, 13-10-22ന് അനുമതി ലഭിക്കുന്ന മുറക്ക് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്നും അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും ടിയാൻ ആയതിനോട് പ്രതികരിച്ചിട്ടില്ലായെന്നും അറിയിചിട്ടുണ്ട് ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യപ്പെടുകയും,ഇല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ അനിവാര്യമാണെങ്കിൽ ടി. നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-34 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

തോളൂർ പഞ്ചായത്തിൽ നിലവിൽ ഇരുപത്തിയൊന്ന് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് പതിനാറെണ്ണത്തിനാണ്. മൂന്നെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. രണ്ടെണ്ണം വാടക ഇല്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പതിനാറെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, എൽ.പി.ജി. കണക്ഷനും, വാട്ടർ കണക്ഷനുമുണ്ട്.

പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണ്. ബേബി ഫ്രണ്ടിലിയായ അങ്കണവാടിയില്ലെന്നത് പോരായ്മയായി ഓഡിറ്റ് വീക്ഷിക്കുന്നു. ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തം സ്ഥലം കണ്ടെത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	വൌച്ചർ നമ്പർ/ തീയതി	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക (ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് മാത്രം. മുൻവർഷങ്ങളിലെ തുക ഉൾപ്പെടാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല)
KSEB Parappur	7/22 – സ്ട്രീറ്റ് ലൈൻ നീട്ടൽ	426250	22100637/7.1.2022	178036	0
-ടി-	-ടി-		22100748/10.3.22	248214	
ANERT	228/22 – പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ	687500	22100549/24.3.22	687500	0

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 സ്ഥിര നിക്ഷേപം

1	വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
2	തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
3	ആകെ	5000
4	തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
5	വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം. (ലോൺ രജിസ്റ്റർ പ്രകാരം വായ്പ എടുത്ത തുകയേക്കാൾ 275250 രൂപ കൂടുതലായി തിരിച്ചടച്ചിട്ടുണ്ട്. ഈ തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.)

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് മിഷൻ പദ്ധതി	ലഭ്യമാക്കിയിട്ടില്ല	824750	472750	748000	(-)275250

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ക്രമ നം.	ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി)
1	2006-07	3-12	2010-11	5,6,5		1.ഷാരിയേക്കൽ കാളിപ്പാടം റോഡ് 11780 രൂപ , 875/- രൂപ പലിശ രശീതി നമ്പർ 11201100358 തീയതി 25.7.2012 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. 2. എനിക്കാട് ബണ്ട് സംരക്ഷണം 67000/- പലിശ 9574/- ആകെ 76547/- രൂപ രശീതി നമ്പർ 1120110044 തീയതി 25.7.2012 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. 3. മുള്ളൂർ ആളുകാരത്തി പടവ് 5950/- പലിശ 1340/- ആകെ 7290/- രശീതി നമ്പർ 11201100294 തീയതി 17.07.2012 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 4. ചാലക്കൽ പാറ ജലസംഭരണി 2006-07 SGRY പദ്ധതി പ്രകാരം23000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകി പ്രവൃത്തി ആരംഭിച്ചു. 2007-08-ൽ പ്രവൃത്തി നിർത്തലാക്കി, പഞ്ചായത്തിൽ തനതു വരുമാനം കുറവായതിനാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. 2008-09-ൽ സ്ലിൽ ഓവറായി പ്ലവൃത്തി ആരംഭിക്കുകയും വികസന ഫണ്ട് 30712/- രൂപ വകയിരുത്തുകയും പ്രോജക്ട് നമ്പർ 124 പ്രകാരംം പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	64729105
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	62598675
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	0

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്ക്സ് (CAR/CASE/CH/SCH)
1	1997-98 (ചെലവ്)	LFT.21-98/99 Dt.6.3.1999	8	3,4,5,15,17, 23,40,45	
2	1998-99	LFT.21-818/2000 Dt.12.7.2000/ 12.10.2000	8	14,17,20,21, 22,24,28,32	
3	2001-2002	LFT.12-437/08 Dt.18.7.09/ 29.9.09	2	2-2,3-4,	
4	2000-01 മുതൽ 2001-02 വരെ (ജനകീയാസൂത്രണം)	LFT.12-1419/03 Dt.3.3.04	4	5(4), 8, 9, 6(ബി)	6ബി(Case)
5	2002-03	LFT.12-436/08 Dt.18.7.2009	12	2-1, 2-3, 2-4, 2-7, 3-1, 3-2, 3-3,3-7, 3-8, 3-11, 3-14, 3-15	
6	2003-04	LFT.12-2663/08 Dt.8.3.2010	8	2-1, 3-1 (2,3) 3-4,3-6, 3-7, 3-8 (എ), 3-8(ബി), 3-9, 3-10	
7	2004-05	LFT.12-2664/08 Dt.8.3.2010	5	3-3,3-8, 3-10, 3-11, 3-12	
8	2005-06	LFT.12-590/10 Dt.6.9.2010	5	3-2, 3-4, 3-5(എ), 3-6(ബി), 3-9	
9	2006-07	LFT.12-591/10 Dt.6.9.10	4	3-7, 3-8, 3-9,3-12	3-12(CAR)
10	2007-08	LFT.P3-452/13 Dt.22.4.13	5	2-1(4), 3-1-2, 3-2, 3-3,3-4	
11	2008-09	LFT.P3-964/12 Dt.29.09.2012/ 4.12.12	2	3-2, 3-7	
12	2009-10	LFT.P3-965/12 Dt.29.9.12/ 8.2.13	3	3-3, 3-4, 3-5 (5,6, 7,9,11)	
13	2010-11	LFT.P3-966/12 Dt.29.9.12/ 8.2.13	4	2-1(BSNL) 3-3, 3-7, 3-8	
14	2011-12	LFT.P3-1108/13 Dt.3.12.13/ 8.1.14	4	2-2, 3-7, 3-8, 3-12(1,2)	
15	2012-13	LFT.P3-337/14 Dt.28.10.14	7	3-4, 3-5, 3-6, 3-7, 3-8(2), 3-9, 3-12(A), 3-12(B)	
16	2013-14	KSATSR(P3)-289/15 Dt.16.7.2015	3	3-4(4), 3-7, 3-8	
17	2014-15	KSATSR(P3)-1047/16 Dt.2.7.16	4	2-2,3-3, 3-5, 3-7	2-2(CAR)
18	2015-16	KSATSR(P3)-7/2017 Dt.30.1.2017	3	2-1,3-3, 3-4(2,3)	2-1(CAR)
19	2016-17	KSATSR(P3)-1312/17 Dt.4.12.17/ 5.12.17	8	2-1, 2-2(1,2), 2-3(2), 3-3, 3-4, 3-6, 3-9, 3-12	

20	2017-18	KSATSR(P3)-23/2019 Dt.5.2.19/ 19.2.2019	9	1-12, 2-3(1,2,4), 2-5,2-7,3-3, 3-7,3-10 (1 KM നു വിഹിതം നൽകൽ ഒഴികെയുള്ള മറ്റു പദ്ധതികളിലെ പരാമർശങ്ങൾ നിലനിർത്തുന്നു) 3-16,3-18	
20	2018-19	KSATSR(P3)-1755/2019 Dt.16.12.19	21	1-9,1-11,1-13(2,3,4), 1-14, 1-15(1)(2,A,C,D,E), 1-16 മുതൽ 1-25 വരെ, 1-27, 1-28, 1-29(2), 1-31, 1-32, 2-2	
21	2019-20	KSATSR(P14)-1121/2021 Dt.10.02.22	14	1-11 മുതൽ 1-24 വരെ	
22	2020-21	KSATSR(P14)-1122/2021 Dt.15.2.22	15	1-11 മുതൽ 1-25 വരെ	
	ആകെ		**158**		

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>
<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്